150 YEARS OF CELEBRATING THE MAHATMA

Break the chain

<u>വനിതാ ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: അനുപമ ടി വി IAS)

ഉത്തരവ് നം. DWCD/97/2022-ICDSA6

തിരുവനന്തപുരം,
തീയതി. 24/03/2022

വിഷയം: വനിത ശിശു വികസന വകുപ്പ് - സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി - 1 വർഷം മുതൽ 2 വർഷം വരെ സേവന ദൈർഘ്യമുള്ള സ്കൂൾ കൗൺസിലർമാരുടെ കരാർ വകുപ്പിൽ നിന്നും പുതുക്കി നൽകി ഉത്തരവാകുന്നു.

പരാമർശം :
1. സർക്കാർ കത്ത് നമ്പർ SJD-E2/113/2020 SJD, തീയതി : 26.4.2021.
2. സ.ഉ (അച്ചടി) നം. 81/2009/ധന. തീയതി 11.01.2019
3. ജില്ലാ വനിത ശിശുവികസന ആഫീസർമാർ ശുപാർശ ചെയ്ത് നൽകിയിട്ടുള്ള കൗൺസിലർമാരുടെ ലിസ്റ്റും മിനിറ്റ്സും.

സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി പ്രകാരം സേവനമനുഷ്ഠിക്കുന്ന സ്കൂൾ കൗൺസിലർമാരുടെ കരാർ പുതുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സൂചന (1) പ്രകാരം നൽകിയിട്ടുള്ളതാണ്. സ്കൂൾ കൗൺസിലർമാരുടെ കരാർ അവസാനിക്കുന്ന തീയതി ഓരോവർഷവും മാർച്ച് 31, അല്ലെങ്കിൽ ഏപ്രിൽ 30 അടിസ്ഥാനമാക്കി ഏകീകരിക്കണമെന്നും, പെർഫോർമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ കരാർ പുതുക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും മാർച്ച് 31 ന് കരാർ ഏകീകരിക്കുവാനാണ് വകുപ്പ് തീരുമാനിച്ചിട്ടുള്ളത്.

സൂചന (2) ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള നിയമനം ഒരു വർഷത്തേയ്ക്ക് മാത്രം പരിമിതിപ്പെടുത്താവുന്നതും, വകുപ്പ് മേധാവിയ്ക്ക് ബോധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേയ്ക്ക് കൂടി സേവനം ദീർഘിപ്പിച്ച് നൽകാവുന്നതും, രണ്ട് വർഷം കാലവധിയ്ക്ക് ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ , സർക്കാർ അനുമതിയോടെ മാത്രമേ കരാർ പുതുക്കാവു എന്നും നിർദ്ദേശിച്ചിട്ടുണ്ട് .

ജില്ലാ ശിശുസംരക്ഷണ ഓഫീസർ കൺവീനറായും, ജില്ലാ വനിത ശിശുവികസന ഓഫീസർ ചെയർപേഴ്സനും പ്രോഗ്രാം ഓഫീസർ അംഗവുമായ ജില്ലാതല കമ്മറ്റി കൂടി സ്കൂൾ കൗൺസിലർമാരുടെ സേവനദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്ത് ലഭ്യമാക്കുന്ന ലിസ്റ്റ് പ്രകാരമുള്ളവരുടെ കരാർ കാലാവധിയാണ് ഒരു വർഷം ദീർഘിപ്പിച്ച നൽകി വരുന്നത്. ഇപ്രകാരം സൂചന (3) പ്രകാരം കമ്മറ്റി മിനിറ്റ്സ് സഹിതം ജില്ലാതല കമ്മറ്റികൾ ശുപാർശ ചെയ്ത് നൽകിയിട്ടുള്ള 1 വർഷം കഴിഞ്ഞ് 2 വർഷത്തിൽ കുറവ് സേവനദൈർഘ്യമുള്ളതും വകുപ്പ് ഡയറക്ടർക്കു പുതുക്കിനല്കാൻ കഴിയുന്നതുമായ 15 സ്കൂൾ കൗൺസിലർമാരുടെ കരാർ ഒരു ദിവസത്തെ സർവീസ് ബ്രേക്ക് നല്കി പുതുക്കുന്നതിലേയ്ക്ക് ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സ്കൂൾ കൗൺസിലർമാരുടെ കരാർ 31.03.2022 തീയതിയിൽ ഏകീകരിക്കുന്നതിന്റെ ഭാഗമായി പ്രവർത്തന മികവിന്റെയും സ്കൂളുകളിൽ കൗൺസിലർമാരുടെ ആവശ്യകതയുടെയും അടിസ്ഥാനത്തിൽ ജില്ലാതല കമ്മിറ്റികൾ ശുപാർശ ചെയ്ത് നൽകിയിട്ടുള്ള 1 വർഷം കഴിഞ്ഞ് 2 വർഷത്തിൽ കുറവ് സേവനദൈർഘ്യമുള്ളതും വകുപ്പ് ഡയറക്ടർക്കു പുതുക്കിനല്കാൻ കഴിയുന്നതുമായ 15 സ്കൂൾ കൗൺസിലർമാരുടെ കരാർ ഒരു ദിവസത്തെ സർവീസ് ബ്രേക്ക് നല്കി പുതുക്കുന്നതിന് ജില്ലാ വനിത ശിശുവികസന ആഫീസർമാർക്ക് അനുമതി നൽകി ഉത്തരവാകുന്നു. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു). സ്കൂൾ കൗൺസിലർമാരുടെ കരാർ 1 വർഷ കാലാവധി പൂർത്തിയായതും 2 വർഷത്തിൽ കവിയാത്തതുമായ സേവന കാലയളവ് കണക്കാക്കിയാണ് ഈ നിർദ്ദേശം പുറപ്പെടുവിക്കുന്നത്.

- സ്കൂൾ കൗൺസിലർമാർ ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന ആഫീസർമാരുമായി അനുബന്ധ ലിസ്റ്റിൽ പരാമർശിച്ചിട്ടുള്ള കാലാവധി അനുസരിച്ച് കരാറിൽ ഏർപ്പെടേണ്ടതാണ് .
- ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആളുകളുടെ കരാർ തുടങ്ങുന്ന തീയതി അവധി ദിവസമാണെങ്കിൽ / വ്യക്തി ഹാജരാകാത്ത ദിവസമാണെങ്കിൽ / മുൻ കരാർ കാലാവധി തീരുന്നതിന് തുടർച്ചയായ ദിവസമാണെങ്കിൽ ആയതിന്റെ അടുത്ത പ്രവൃത്തി ദിവസം മാത്രമെ കരാറിൽ ഏർപ്പെടാൻ പാടുള്ളു .
- 31.03.2022 തീയതിയിൽ കരാർ കാലാവധി അവസാനിക്കുന്ന സ്കൂൾ കൗൺസിലർമാരുടെ കരാർ വീണ്ടും പുതുക്കുന്നതിന് പരാമർശം-2 പ്രകാരമുള്ള നിർദേശം പാലിക്കേണ്ടതാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ആഫിസർമാർക്കും
പകർപ്പ് :

1. എല്ലാ ജില്ലാ ശിശുസംരക്ഷണ ഓഫിസർമാർക്കും
2. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

<u>വകുപ്പിൽ നിന്നും കരാർ പുതുക്കി നൽകുന്ന സ്കൂൾ കൗൺസിലർമാരുടെ വിവരം</u>

| ക്രമ നം | ജില്ല | സ്കൂൾ കൗൺസിലറുടെ പേര് | സ്കൂളിന്റെ പേര് | പൂർത്തിയാക്കിയസേവന കാലയളവ്, പൂർത്തിയാക്കിയ തീയതി | ഡയറക്ടർ കരാർ പുതുക്കി നൽകേണ്ട തീയതി | |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | |
| | | | | | From | To |
| 1 | തിരുവനന്തപുരം | അഖില സിത്താര | ഗവ. എം എച്ച് എസ് എസ്, പുന്നമൂട് | 1 വർഷം 3 മാസം 31-12-2021 | 02.01.2022 | 31.03.2022 |
| 2 | കൊല്ലം | അലീന എം | ഗവ. എച്ച് എസ്, അയലറ | 1 വർഷം 4 മാസം 4-11-2021 | 06.11.2021 | 31.03.2022 |
| 3 | കൊല്ലം | ഗീതു ജി എസ് | ഗവ. എച്ച് എസ് എസ്, നെടുങ്ങോലം | 1 വർഷം 5 മാസം, 28-10-2021 | 30.10.2021 | 31.03.2022 |

| | | | | | | |
|---|---|---|---|---|---|---|
| 4 | കൊല്ലം | സ്വാതി ജീവൻ | ജി എഫ്, എച്ച്. എസ് എസ് കുഴിത്തുറ | 1 വർഷം 5 മാസം, 21-10-2021 | 23.10.2021 | 31.03.2022 |
| 5 | കൊല്ലം | അശ്വതി ആർ | എം ജി എച്ച് എസ്, എസ്, എടത്തറ | 1 വർഷം 5 മാസം, 28-10-2021 | 30.10.2021 | 31.03.2022 |
| 6 | ആലപ്പുഴ | ദിവ്യ ജെ | GHSS തിരുവൻ വണ്ടൂർ | 1 വർഷം 2 മാസം, 17-01-2022 | 19.01.2022 | 31.03.2022 |
| 7 | ആലപ്പുഴ | ഐശ്വര്യ ജി | GHSS അത്രൂർ | 1 വർഷം 1 മാസം, 11-02-2022 | 15.02.2022 | 31.03.2022 |
| 8 | ഇടുക്കി | കൊച്ചുറാണി ഡൊമിനിക് | ജി എച്ച് എസ്, എസ്, വട്ടവട | 1 വർഷം 6 മാസം, 10.9.2021 | 12.09.2021 | 31.03.2022 |
| 9 | ഇടുക്കി | നീതു സാബു | ജി എച്ച് എസ് എസ്, ചിന്നക്കനാൽ | 1 വർഷം, 3 മാസം, 23.12.2021 | 25.12.2021 | 31.03.2022 |
| 10 | തൃശ്ശൂർ | ലെനിയ പി എൽ | ജി എച്ച് എസ് എസ്, കടവല്ലൂർ | 1 വർഷം, 5 മാസം 22-10-2021 | 24.10.2021 | 31.03.2022 |

| | | | | | | |
|---|---|---|---|---|---|---|
| 11 | തൃശ്ശൂർ | സിജി എം കെ | ജി വി എച്ച് എസ് എസ്, ദേശമംഗലം | 1 വർഷം 2 മാസം, 14-1-2022 | 16.01.2022 | 31.03.2022 |
| 12 | കണ്ണൂർ | ആതിര ടി ബാബു | AKGMHSS പിണറായി | 1 വർഷം 2 മാസം, 12-1-2022 | 14.01.2022 | 31.03.2022 |
| 13 | കണ്ണൂർ | സന്ധ്യ എൻ എം | GHSS വടക്കുമ്പാട് | 1 വർഷം 2 മാസം, 11-1-2022 | 13.01.2022 | 31.03.2022 |
| 14 | കണ്ണൂർ | അനുപമ കുഞ്ഞൻ | CHMKSG HSS മാട്ടൂൽ | 1 വർഷം 1 മാസം, 8-2-2022 | 10.02.2022 | 31.03.2022 |
| 15 | കോഴിക്കോട് | ധന്യ എം | ജി എച്ച് എസ് എസ്, ആഴ്ച്ചവട്ടം, മാങ്കാവ്. | 1 വർഷം, 3 മാസം 2-11-2021 | 04.11.2021 | 31.03.2022 |

Remya

for വനിതാ ശിശു വികസന ഡയറക്ടർ